**പശ്ചിമഘട്ടത്തിന്റെ പരിസ്ഥിതിയെക്കുറിച്ച് പഠിക്കാൻ കേന്ദ്ര വനം – പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച മാധവ് ഗാഡ്ഗിൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് കേരളത്തിലെ വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകുമെന്ന് കമ്മിറ്റി അംഗവും സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മുൻ ചെയർമാനുമായ**

**ഡോ. വി.എസ്. വിജയൻ**

# ഗാഡ്ഗിൽ റിപ്പോർട്ട് യാഥാർത്ഥ്യമായാൽ കാടുകൾ മെച്ചപ്പെടും

**കേരളത്തിലെ പശ്ചിമഘട്ട മലനിരകൾ ഇന്ന് പല തരത്തിലുള്ള ഭീഷണികൾ നേരിടുന്നുണ്ടല്ലോ? സൈലന്റ്‌വാലി സംരക്ഷണത്തിന് ശേഷമുള്ള കേരളത്തിലെ തലമുറ കുറച്ചുകൂടി പാരിസ്ഥിതിക അവബോധം കാണിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും കാടുകൾ സംരക്ഷിക്കാൻ ആ അവബോധത്തിന് കഴിയാതെ പോയി എന്നാണ് കാണാൻ കഴിയുന്നത്. പശ്ചിമഘട്ടത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച മാധവ്ഗാഡ്ഗിൽ കമ്മിറ്റിയിലെ അംഗമെന്ന നിലയിൽ കമ്മിറ്റി റിപ്പോർട്ട് അംഗീകരിക്കപ്പെടുകയാണെങ്കിൽ പശ്ചിമഘട്ടത്തിലെ വനങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന് താങ്കൾ പ്രതീക്ഷിക്കുന്നുണ്ടോ?**

മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് കേന്ദ്രവനം – പരിസ്ഥിതി മന്ത്രാലയത്തിന് ഞങ്ങൾ സമർപ്പിച്ചിട്ടുണ്ട്. പശ്ചിമഘട്ടത്തിന്റെ ഭാഗമായുള്ള സംസ്ഥാനങ്ങളുടെ പ്രതികരണമറിയുന്നതിനായി മന്ത്രാലയം റിപ്പോർട്ട് അയച്ചുകൊടുത്തിരിക്കുകയാണ്. അവരുടെ പ്രതികരണം അറിഞ്ഞ ശേഷം അത് പൊതുജനാഭിപ്രായം അറിയാനായി വെബ്സൈറ്റിൽ കൊടുക്കും. പൊതുജനാഭിപ്രായവും അറിഞ്ഞ ശേഷം മാത്രമെ അന്തിമ തീരുമാനമെടുക്കുകയുള്ളൂ. ജയറാം രമേശ് മാറിയതോടെ കാര്യങ്ങൾ മന്ദഗതിയിലാണ്. പുതിയ മന്ത്രി ജയന്തി നടരാജൻ വേണ്ടത്ര താത്പര്യമെടുക്കുന്നില്ല. കോൺഗ്രസ് പറയുന്നതിനപ്പുറം അവർ പ്രവർത്തിക്കില്ല എന്നാണ് തോന്നുന്നത്. പശ്ചിമഘട്ടത്തിലെ പ്രധാന സ്ഥലങ്ങളെ പരിസ്ഥിതി ലോലപ്രദേശങ്ങൾ (Ecologically Sensitive Areas - ESAs) ആയി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇ. എസ്.എ ആണ് പ്രധാനമായും പ്രശ്നമായത്. ഇ.എസ്.എ എന്താണ് എന്ന് വ്യക്തമായി മനസ്സിലാക്കാതെയാണ് എതിർപ്പുകൾ വരുന്നത്. Area which cannot stand any further disturbances എന്നാണ് ESA ക്ക് വിശദീകരണം നൽകിയിരിക്കുന്നത്. മൂന്ന് സോണുകളായാണ് പരിസ്ഥിതി ലോല പ്രദേശങ്ങളെ തിരി

ച്ചിരിക്കുന്നത്. സോൺ 1 ആണ് പൂർണ്ണമായും സംരക്ഷണം വേണ്ട പ്രദേശങ്ങൾ വരുന്നത്. അവിടെ വികസന പ്രവർത്തനങ്ങളൊന്നും അനുവദിക്കാൻ പാടില്ല. സോൺ 2ൽ കുറച്ച് വികസന പ്രവർത്തനങ്ങൾ നിയന്ത്രണങ്ങളോടെ അനുവദിക്കാം. സോൺ 3ൽ വികസനപ്രവർത്തനങ്ങൾക്കായുള്ള നിയന്ത്രണങ്ങൾക്ക് അല്പം കൂടി ഇളവുകൾ അനുവദിക്കാം. കടുവ സംരക്ഷണ കേന്ദ്രങ്ങളുടെ ഭാഗമായി വരുന്ന നിബിഡവനങ്ങളും നദികൾ ഉത്ഭവിക്കുന്നതും ജൈവവൈവിധ്യങ്ങളുടെ കലവറയുമായ കാടുകളുമാണ് കേരളത്തിൽ സോൺ 1 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവിടെയൊന്നും ഒരു തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ അനുവദിക്കാൻ പാടില്ല.

ഗാഡ്ഗിൽ റിപ്പോർട്ട് പറയുന്നത് പ്രകാരം സോൺ 1 സംരക്ഷിക്കുകയാണെങ്കിൽ കേരളത്തിലെ കാടുകളുടെ സ്ഥിതി മെച്ചപ്പെടുത്താൻ കഴിയും. സോൺ 2ലും വികസന പ്രവർത്തനങ്ങളൊന്നും അനുവദിക്കാൻ പാടില്ല എന്നായിരുന്നു എന്റെ അഭിപ്രായം എന്നാൽ ആരും അതിനെ അനുകൂലിച്ചില്ല. കേരളത്തിൽ 23 സ്ഥലങ്ങളാണ് പരിസ്ഥിതി ലോല പ്രദേശങ്ങളായി ഞങ്ങൾ കണ്ടെത്തിയിട്ടുള്ളത്.


**കേരളത്തിൽ പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കാൻ ഗാഡ്ഗിൽ റിപ്പോർട്ട് നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ മൂന്നാർ പ്രത്യേക ടൂറിസം സോണായി സർക്കാർ നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. ആ വൈരുദ്ധ്യം പ്രശ്നമായി വരില്ലേ?**

മൂന്നാർ വളരെയധികം പാരിസ്ഥിതിക പ്രാധാന്യമുള്ള, സൂക്ഷ്മ ശ്രദ്ധ വേണ്ട സ്ഥലമാണ്. അത്തരം സ്ഥലങ്ങളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ വിലയിരുത്താനും നിയന്ത്രിക്കാനുമായി പശ്ചിമഘട്ട അതോറിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം ഞാൻ മുന്നോട്ട് വച്ചിരുന്നു. പക്ഷെ അത് സ്വീകരിക്കപ്പെട്ടിട്ടില്ല. പാരിസ്ഥിതിക അവബോധമുള്ളവർ നിയന്ത്രിക്കുന്ന അത്തരമൊരു അതോറിറ്റിക്ക് പശ്ചിമഘട്ട സംരക്ഷണത്തിൽ ഫലപ്രദമായി ഇടപെടാൻ കഴിയും. മൂന്നാറിൽ ടൂറിസത്തിന്റെ ഭാഗമായി നടക്കുന്ന വികസന പ്രവർത്തനങ്ങളെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയും.

പരിസ്ഥിതിയുമായി ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങളിൽ സ്വന്തമാളുകളെ തിരുകി കയറ്റി നിയന്ത്രണങ്ങളെല്ലാം മറികടക്കാനുള്ള ശ്രമങ്ങളാണ് രാഷ്ട്രീയപാർട്ടികൾ നടത്തുന്നത്. അതുവരെ കൈയേറിയ ഭൂമി 1977ൽ കർഷകർക്ക് പതിച്ച് കൊടുക്കുമ്പോൾ പറഞ്ഞിരുന്ന പ്രധാന നിബന്ധന ഭൂമി മറിച്ച് വിൽക്കാൻ പാടില്ല എന്നായിരുന്നു. ഇപ്പോൾ സർക്കാർ അക്കാര്യത്തിൽ ഇളവ് ചെയ്തരിക്കുന്നു. ഈ ഭൂമി കൈമാറ്റം തീർച്ചയായും പരിസ്ഥതിക്ക് ദോഷമായി മാറും. അതുപോലെ തോട്ടങ്ങളുടെ 5 ശതമാനം ഭൂമിയിൽ വിനോദസഞ്ചാര പദ്ധതികൾക്കായി റിസോർട്ട് നിർമ്മിക്കാൻ സർക്കാർ അനുമതി നൽകിയിരിക്കുന്നു. ആറ് ലക്ഷത്തിലധികം ഹെക്ടർ വരും കേരളത്തിലെ തോട്ടഭൂമി. അതിന്റെ അഞ്ച് ശതമാനം എന്ന് പറയുമ്പോൾ മുപ്പതിനായിരത്തോളം ഹെക്ടർ ഭൂമിവരും. അതൊരു ചെറിയ അളവല്ല. വെറും അഞ്ച് ശതമാനമല്ലേ എന്ന് പറഞ്ഞ് കൈയൊഴിക്കാൻ കഴിയില്ല. മാത്രമല്ല തോട്ടങ്ങളിലെ ഈ റിസോർട്ട് നിർമ്മാണം ആര് നിയന്ത്രിക്കും. അഞ്ച് ശതമാനം എന്ന് പറയുന്നത് 10 ശതമാനമായി മാറാനൊന്നും വലിയ പ്രയാസമില്ല. മൂന്നാറിൽ ടാറ്റ ചെയ്തതും അതാണല്ലോ. കേരളത്തിലെ പരിസ്ഥിതി നശിപ്പിച്ചതിൽ പ്ലാന്റേഷനുകൾക്ക് വലിയ പങ്കുണ്ട്. പരിസ്ഥിതിയെ പരമാവധി ചൂഷണം ചെയ്ത് കൊള്ള ലാഭമുണ്ടാക്കാനായി ബ്രിട്ടീഷുകാർ തുടങ്ങിയതാണ് തോട്ടങ്ങളെല്ലാം. പരമ്പരാഗത നീർച്ചാലുകളെയെല്ലാം തോട്ടങ്ങൾ നശിപ്പിച്ചു. അതേ തോട്ടങ്ങളിൽ റിസോർട്ടുകൾ കെട്ടുന്നതിനായി വീണ്ടും പരിസ്ഥിതി നശിപ്പിക്കുന്നത് അനുവദിക്കാൻ പാടില്ല.

**മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ ഭാഗമായി കേരളത്തിലെ പശ്ചിമഘട്ട മേഖലയിലൂടെ സഞ്ചരിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട പ്രധാന ഭീഷണികൾ എന്തെല്ലാമാണ്?**

അണക്കെട്ടുകളാണ് പശ്ചിമഘട്ടത്തിന് വലിയ നാശമുണ്ടാക്കിയിരിക്കുന്നത്. എന്നിട്ടാണ് വീണ്ടും ഡാമുകൾ നിർമ്മിക്കുന്നതിനായി ബഹളം കൂട്ടുന്നത്. അതിരപ്പിള്ളി ഡാമിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലം വലിയ പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലമായി കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. അവിടെ ഡാം ഒരിക്കലും അനുവദിക്കാൻ പാടില്ല. എന്നാൽ ഡാം വേണമെന്ന



**അണക്കെട്ടുകളാണ് പശ്ചിമഘട്ടത്തിന് വലിയ നാശമുണ്ടാക്കിയിരിക്കുന്നത്. അതിരപ്പിള്ളി ഡാമിനായി നിർദ്ദേശിക്കുന്ന സ്ഥലം വലിയ പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലമായി കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്അവിടെ ഡാം ഒരിക്കലും അനുവദിക്കാൻ പാടില്ല. എന്നാൽ ഡാം വേണമെന്ന വാദം ഇപ്പോഴും തുടരുകയാണ്. മുൻമന്ത്രി ബാലൻ ഇനിയും ആ വാദത്തിൽ നിന്നും പിന്മാറിയിട്ടില്ല. പൂയംകുട്ടി ഡാമിനായും ശക്തമായ വാദം നടക്കുന്നുണ്ട**

വാദം ഇപ്പോഴും തുടരുകയാണ്. മുൻമന്ത്രി ബാലൻ ഇനിയും ആ വാദത്തിൽ നിന്നും പിന്മാറിയിട്ടില്ല. പൂയംകുട്ടി ഡാമിനായും ശക്തമായ വാദം നടക്കുന്നുണ്ട്.

സർക്കാറുകൾ നിലവിൽ പിന്തുടരുന്ന വികസനനയവും കാടുകളെയാണ് ബാധിക്കുന്നത്. വളന്തക്കാട് ഹൈടെക് സിറ്റിയും സ്കൈസിറ്റിയും ഇടക്കൊച്ചി ക്രിക്കറ്റ് സ്റ്റേഡിയവുമെല്ലാം ആ വികസന നയത്തിന്റെ ഭാഗമായാണ് കടന്നുവരുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ വർദ്ധിച്ചതോടെ പാറക്വാറികളുടെ എണ്ണവും കേരളത്തിൽ വളരെയധികം കൂടി. വയനാട് ജില്ലയിലെ പരിസ്ഥിതി ലോലപ്രദേശങ്ങളിൽ ക്വാറികൾ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പല സ്ഥലത്തും ലൈസൻസ് ഇല്ലാതെയാണ് ക്വാറികൾ പ്രവർത്തിക്കുന്നത്. കേരളത്തിലെ മണ്ണിടിച്ചിലിന് സാധ്യതയുള്ള പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് CESS കണ്ടെത്തിയിട്ടുണ്ട്. ആ സ്ഥലങ്ങളിലും ഒരുതരത്തിലുള്ള ഇടപെടലുകളും അനുവദിക്കരുത്. പാറ പൊട്ടിക്കാൻ പാടില്ല, വീട് വെയ്ക്കാൻ പാടില്ല എന്നല്ല ഞാൻ പറയുന്നത്. എവിടെയെല്ലാം നിയന്ത്രണം വേണം, എവിടെയെല്ലാം പൊട്ടിക്കാൻ പാടില്ല എന്നതിനെക്കുറിച്ച് ഒരു ധാരണയുണ്ടാകണം. അതുപോലെ എന്ത് ആവശ്യത്തിനാണ് പാറപൊട്ടിക്കുന്നത് എന്നതും പ്രധാനമാണ്. സാധാരണക്കാരന് വീടുവയ്ക്കാൻ പാറ അനുവദിക്കണം. അതിന് മുൻഗണ നൽക്കാതെ ഹൈടെക് സിറ്റിയേയും സ്കൈസിറ്റിയേയും പരിഗണിക്കുന്നത് അനുവദിക്കാൻ പാടില്ല.

കാസർഗോഡ് ജില്ലയിൽ ചെങ്കൽ കുന്നുകൾ കല്ല് നിർമ്മിക്കുന്നതിനായി ഇടിക്കുന്നതും വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ജലസ്രോതസ്സുകളെയാണ് അത് നശിപ്പിക്കുന്നത്. കുടിവെള്ള ക്ഷാമം കേരളത്തിൽ ഒരു രൂക്ഷമായ പ്രശ്നമായി മാറുന്നതിനാൽ ഇതെല്ലാം ഗൗരവത്തോടെ പരിഗണിക്കപ്പെടണം. അതിനുള്ള നിർദ്ദേശങ്ങൾ ഞാൻ ഗാഡ്ഗിൽ കമ്മിറ്റിക്ക് മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്.

### വനാവകാശ നിയമത്തെ എങ്ങനെയാണ് വിലയിരുത്തുന്നത്? വനസംരക്ഷണത്തിന് അത് സഹായകമാകുമോ?

ഒരുപാട് നിബന്ധനകൾ വച്ചിട്ടാണ് വനാവകാശ നിയമം നിലവിൽ വന്നിരിക്കുന്നത്. വനാവകാശ നിയമ പ്രകാരം ലഭിക്കുന്ന ഭൂമി കൈമാറാൻ പാടില്ല എന്ന് പറയുന്നുണ്ട്. നിയമത്തിൽ പറയുന്ന ഉപാധികളെല്ലാം പാലിക്കപ്പെട്ടാൽ വനാവകാശ നിയമം വനസംരക്ഷണത്തിന് സഹായകമാകും. ആദിവാസികളുടെ വനാവകാശം തീർച്ചയായും സംരക്ഷിക്കപ്പെടേണ്ടതാണ്. വികസനപദ്ധതികൾ കാട്ടിലേയ്ക്ക് വ്യാപിക്കാനുള്ള ഒരു ഉപാധിയായി വനാവകാശം മാറരുത്. ആദിവാസികൾക്ക് ആവശ്യമില്ലാത്തത് നമ്മൾ അവരുടെ ആവശ്യമാക്കി മാറ്റാൻ ശ്രമിക്കുന്നതാണ് പ്രശ്നം. ആധുനിക സംവിധാനങ്ങൾ അവർക്ക് ആവശ്യമാണ് എന്നുണ്ടെങ്കിൽ പൊതുസമ്മതത്തോടെ അവരെ കാടിന് പുറത്തേക്ക് കൊണ്ടുവരികയാണ് വേണ്ടത്. കാടിനുള്ളിലേക്ക് വികസനപ്രവർത്തനങ്ങൾ പോകുന്നത് ദോഷം ചെയ്യും.

എന്നാൽ പ്രാദേശിക വിഭവങ്ങളുടെ സംരക്ഷണാധികാരം ആദിവാസികൾക്ക് നൽകിയാൽ പുറത്ത് നിന്നും വരുന്ന മൈനിംഗും ഡാമുകളും പോലെയുള്ള വിനാശവികസന പ്രവർത്തനങ്ങളെ തടയാൻ കഴിയും എന്ന സാധ്യത വനാവകാശ നിയമത്തിനുണ്ട്. പക്ഷേ ആദിവാസികളുടെ തീരുമാനം രാഷ്ട്രീയക്കാർ അട്ടിമറിക്കാനും സാധ്യതയുണ്ട്. വിഭവങ്ങളുടെ സംരക്ഷണത്തിന് വികന്ദ്രീകൃത അധികാരം വേണം എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ.

**മാധവ് ഗാഡ്ഗിൽ കമ്മിറ്റി പരിസ്ഥിതി ലോലപ്രദേശങ്ങളായി കേരളത്തൽ കണ്ടെത്തിയ സ്ഥലങ്ങൾ**

1) മണ്ടക്കോൽ 2) പനത്തടി
3) പൈതൽമല 4) ബ്രഹ്മഗിരി - തിരുനെല്ലി
5) വയനാട് 6) ബാണാസുര - കുറ്റ്യാടി
7) നിലമ്പൂർ - മേപ്പാടി
8) സൈലന്റ്‌വാലി - ന്യൂ അമരമ്പലം
9) ശിരുവാണി 10) പീച്ചി - വാഴാനി
11) നെല്ലിയാംപതി 12) അതിരപ്പിള്ളി - വാഴച്ചാൽ
13) പൂയംകുട്ടി 14) മൂന്നാർ
15) കാർഡമം ഹിൽസ്
16) പെരിയാർ
17) കുളത്തുപ്പുഴ 18) അഗസ്ത്യമല

### അഞ്ച് വർഷം കൊണ്ട് കേരളം പൂർണ്ണമായും ജൈവകൃഷിയിലേക്ക് മാറ്റുമെന്ന് പറഞ്ഞ കഴിഞ്ഞ സർക്കാറിന്റെ ജൈവകൃഷി നയം എവിടെയെത്തി? ഉമ്മൻ ചാണ്ടി സർക്കാറിന് അത്തരമൊരു നയമുണ്ടോ?

ജൈവകൃഷി നയത്തിന്റെ കാര്യത്തിൽ വേണ്ടത്ര മുന്നോട്ട് പോകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഓർഗാനിക് ഫാമിംഗ് മിഷൻ രൂപീകരിക്കുമെന്നാണ് അന്ന് പറഞ്ഞത്. അത് നടന്നില്ല. ധനകാര്യ വകുപ്പ് അതിന് അനുമതി നൽകിയില്ല. ജൈവകൃഷി നയം തുടരുമെന്ന് പുതിയ മന്ത്രി കെ.പി.മോഹനൻ ഒരു പ്രസ്താവന ഇറക്കിയിരുന്നു. കൃഷി വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് താത്പര്യമില്ലാത്തതാണ് പ്രധാന പ്രശ്നം. അവരിൽ ബഹുഭൂരിപക്ഷവും ലോബികളുടെ സ്വാധീന വലയത്തിലാണ്. സ്വതന്ത്രമായ ഒരുനയം ഉദ്യോഗസ്ഥർക്കും കാർഷിക സർവ്വകലാശാലയ്ക്കുമില്ല. സർക്കാർ നയം മാറുന്നതിനൊപ്പം അവരും നയം മറ്റും. ശാസ്ത്ര സമൂഹം സർക്കാറിനെ ശരിയായ വസ്തുതകൾ പറഞ്ഞ് മനസിലാക്കാൻ ചുമതലപ്പെട്ടവരാണ്. എന്നാൽ സർക്കാർ തീരുമാനത്തിന് അനുകൂലമായി വസ്തുതകൾ വളച്ചൊടിക്കാനാണ് അവർ ഇപ്പോൾ ശ്രമിക്കുന്നത്.

അതിരപ്പിള്ളി ഡാമിന്റെ കാര്യത്തിൽ ആദ്യം പഠനം നടത്തിയ TBGRI (Tropical Botanical Garden and Research Institute) പദ്ധതി വേണമെന്ന് അനുകൂലമായ റിപ്പോർട്ടാണ് സമർപ്പിച്ചത്. സർക്കാറിന് പദ്ധതി വേണമെന്ന് താത്പര്യമുള്ളതിനാലാണ് അവർ വസ്തുതകൾ മറച്ചുവെച്ച് അത്തരത്തിലുള്ള ഒരു റിപ്പോർട്ട് കൊടുത്തത്. പൊതുഖജനാവിലെ പണം കുറ്റകരമായ രീതിയിൽ ധൂർത്തടിക്കുകയാണ് ശാസ്ത്രലോകം.